"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ ലഹരി വിരുദ്ധ ക്യാമ്പയിൻ കർമ്മപദ്ധതിയുടെ ജൂൺ 26-ന് നടക്കുന്ന സംസ്ഥാനതല ഉത്ഘാടന പരിപാടികളോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ്**

സ.ഉ.(സാധാ) നം.1498/2025/LSGD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:- 1. 29.04.2025 ലെ ഡി എ1/154/2025/തസ്വഭവ നമ്പർ സർക്കുലർ

2. 16.06.2025-ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും ക്ലബുകളുടെയും സമിതികളുടെയും സഹകരണത്തോടെ, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ച് വരുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള നിർദേശങ്ങൾ പരാമർശം (1) പ്രകാരം നൽകിയിട്ടുണ്ട്.

ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നടത്തുന്ന ഈ വർഷത്തെ ലഹരി വിരുദ്ധ ക്യാംപയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമായ ജൂൺ 26-ന് നടത്തുന്നതാണ്. ഇതോടനുബന്ധിച്ച് കുട്ടികളുടെയും കൗമാരക്കാരുടെയും യുവാക്കളുടെയും സമഗ്ര മാനസിക - സാമൂഹിക വികസനവും ലഹരി വിമുക്തിയും ലക്ഷ്യമിട്ടുള്ള സംയോജിത കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹ്രസ്വകാല, മധ്യകാല, ദീർഘ കാല പദ്ധതികളാണ് ലക്ഷ്യം വെയ്ക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ചുവടെ നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

30.06.2025 മുതൽ നടത്തേണ്ട തുടർപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- പഞ്ചായത്ത് തല ജാഗ്രതാ സമിതികൾ ജനജാഗ്രതാ സമിതി വിളിച്ചുചേർത്ത് പ്രദേശത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- അതത് തദ്ദേശ ഭരണ പ്രദേശത്തെ സ്കൂൾ കുട്ടികളുടെ രജിസ്റ്റർ തദ്ദേശ സ്ഥാപനങ്ങൾ സൂക്ഷിക്കുകയും കുട്ടികളുടെ ഹാജർനില മനസ്സിലാക്കി വേണ്ട ഇടപെടൽ നടത്തുകയും ചെയ്യുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജനപ്രതിനിധികളുടെ സഹകരണത്തോടെ

വിവിധ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

- മയക്കുമരുന്ന് വിൽക്കുന്ന കടകൾ കണ്ടെത്തി നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുക, സ്കൂൾ, കോളേജ് പരിസരങ്ങളിൽ സിഗരറ്റോ മറ്റ് ലഹരി ഉല്പന്നങ്ങളോ വിൽക്കുന്നില്ല എന്ന് ഉറപ്പാക്കുക.
- 31.10.2025 നുള്ളിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ കമ്മ്യൂണിറ്റി വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് നിരീക്ഷണ, റിപ്പോർട്ടിംഗ് സംവിധാനം ഒരുക്കേണ്ടതാണ്.
- 31.12.2025 നുള്ളിൽ ആൽക്കഹോളിക് അനോണിമസ് ഗ്രൂപ്പിന്റെ മാതൃകയിൽ "ഡീ-അഡിക്റ്റഡ് അനോണിമസ്" ഗ്രൂപ്പുകൾ ബ്ലോക്ക് തലത്തിൽ രൂപീകരിക്കേണ്ടതാണ്. ലഹരിവിമുക്ത ക്യാമ്പെയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് റസിഡൻസ് അസോസിയേഷൻ പ്രവർത്തകർക്കുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

മേൽ പരിപാടികൾ തദ്ദേശസ്ഥാപനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് മിഷൻ, കില എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ നിർദേശം നൽകി ഉത്തരവാകുന്നു. പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽനോട്ടത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടർമാർ അവലോകനം നടത്തുകയും എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർ മേൽ കാര്യങ്ങളിൽ നിർവഹണം നടത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
16. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. ഡയറക്ടർ, കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
28. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
24. എക്സൈസ് വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 18-06-2025 15:29:34

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
3. തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്